For Private Circulation Only

December 2018

ആഗമനാദുതൻ

Vol.65

“ മനുഷ്യാ നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു.....യഹോവ നിന്നോട് ചോദിക്കുന്നത്” (മീഖ. 6:8)

No.12

യഹൂദജനത്തിന്റെ രക്ഷ

റോമാ ലേഖനത്തിൽ നിന്നും

By Alan shore

തർസൊസിലെ ശൗൽ സുവിശേഷകൻ, വേദശാസ്ത്രജ്ഞൻ, എബ്രായരിൽ നിന്നുള്ള എബ്രായൻ, ജാതികളുടെ അപ്പോസ്തലൻ. ഇത് ഒരു ചെറു വിവരണം. പൗലൊസിന്റെ ലേഖനങ്ങൾ നല്ല ചിന്തകളും നല്ല വിശ്വാസവും പ്രദാനം ചെയ്യുന്നു. അവയെല്ലാം ഉന്നത ചിന്തയോടുകൂടെ നിലകൊള്ളുന്നു. ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട വചനം എന്ന നിലയിൽ തന്റെ ലേഖനങ്ങൾ ഉന്നതമായ ആത്മിക സത്യങ്ങളെ പഠിപ്പിക്കയും വിശുദ്ധജീവിതം ഉപദേശിക്കയും ചെയ്യുന്നു. യഹൂദജനത്തിന്റെയും ജാതികളുടെയും രക്ഷയെ സംബന്ധിച്ച് ആധികാരികമായി സംസാരിക്കുന്നു.

പൗലൊസിന്റെ മിക്ക ലേഖനങ്ങളും ഇടയ സ്വഭാവമുള്ളവയാണ്. വിവിധ സഭകളെയും പൗലൊസിന്റെ പരിപാലനം അനുഭവിക്കുന്ന കൂട്ടങ്ങളെ വ്യക്തികളെയും ഉദ്ദേശിച്ചാണ് ഇതിന്റെ കെട്ടും മട്ടും. എന്നാൽ ആ ലേഖനങ്ങളിൽ ഒരെണ്ണം വ്യത്യസ്തമായി നിലകൊള്ളുന്നു. റോമർക്ക് എഴുതിയ ലേഖനം. താൻ ഒരിക്കലും കണ്ടിട്ടില്ലാത്തതും ഒരിക്കലും സന്ദർശിച്ചിട്ടില്ലാത്തതുമായ ഒരു സമൂഹം. തന്റെ ജീവിതകാലത്ത് ഉണ്ടായിട്ടുള്ളതിലും വച്ച് ഏറ്റവും വ്യത്യസ്തവും വിശാലമായ ചിന്താഗതികളും സുവിശേഷത്തിന്റെ വ്യാപ്തിയെ സംബന്ധിച്ച പ്രത്യേക പരാമർശങ്ങളും കാണാം. മാനുഷികമായ വികാരങ്ങളെ അതിൽ പരിഗണിച്ചിട്ടുണ്ട്, യഹൂദ ജനത്തിന്റെ രക്ഷയ്ക്കുവേണ്ടിയുള്ള തന്റെ ഹൃദയവേദനയും ഇതിൽ കാണാം.

പൗലൊസും യഹൂദജനവും

പൗലൊസ് അറിയപ്പെടുന്നത് ജാതികളുടെ അപ്പോസ്തലനായിട്ടാണ്. എന്നാൽ പൗലൊസ് ധാരാളം സമയം പ്രസംഗിക്കുവാനായി ചെലവഴിച്ചത് സിന്നഗോഗുകളിലായിരുന്നു. എന്നാൽ കൊരിന്തിൽ താൻ പ്രസ്താവിക്കുന്നത്, “ഇനിമേൽ ഞാൻ ജാതികളുടെ അടുക്കൽ പോകും എന്ന് അവരോട് പറഞ്ഞു”. (അ.പ്ര.18:6). എന്നാൽ അതേ അദ്ധ്യായത്തിൽ പൗലൊസ് എഫെസോസിൽ വന്നപ്പോൾ സംസാരിക്കുന്നത്, “എഫെസോസിൽ എത്തി അവരെ അവിടെ വിട്ടു, അവൻ പള്ളിയിൽ ചെന്ന് അവരോട് സംഭാഷിച്ചു. കുറെക്കൂടി താമസിക്കണം എന്ന് അവർ അപേക്ഷിച്ചിട്ട് അവൻ സമ്മതിക്കാതെ ദൈവഹിതമുണ്ടെങ്കിൽ ഞാൻ നിങ്ങളുടെ അടുക്കൽ മടങ്ങിവരും എന്ന് പറഞ്ഞ് വിടവാങ്ങി”(അ.പ്ര. 18:19-21). എവിടെയൊക്കെ പൗലൊസ് പോയിട്ടുണ്ടോ അവിടെയൊക്കെ യഹൂദന്മാരായ തന്റെ സഹോദരങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതു തുടരുന്നതു കാണാം. “ഞാൻ ക്രിസ്തുവിൽ സത്യം പറയുന്നു; ഞാൻ പറയുന്നത് ഭോഷ്ക്കല്ല; എനിക്ക് വലിയ ദു:ഖവും ഹൃദയത്തിൽ ഇടവിടാതെ നോവും ഉണ്ട് എന്ന് എന്റെ മനസാക്ഷി എനിക്ക് പരിശുദ്ധാത്മാവിൽ സാക്ഷിയായിരിക്കുന്നു. ജഡപ്രകാരം എന്റെ ചാർച്ചക്കാരായ എന്റെ സഹോദരന്മാർക്കുവേണ്ടി ഞാൻ തന്നെ ക്രിസ്തുവിനോട് വേറുവിട്ട് ശാപഗ്രസ്തനാവാൻ ഞാൻ ആഗ്രഹിക്കാമായിരുന്നു” (റോ. 9:1-3).

തിരുവചനത്തിൽ എവിടെയാണ് ഇതുപോലെ ഹൃദയാംഗമായ അപേക്ഷ നമുക്ക് കാണാൻ കഴിയുന്നത്?

തന്റെ സ്വന്ത ജനത്തെ ആഴമായി സ്നേഹിക്കുന്നു എങ്കിലും സർവ്വലോകത്തിനും വേണ്ടിയുള്ളതാണ് സുവിശേഷം എന്ന കാര്യത്തിന് താൻ വീഴ്ചവരുത്തുന്നില്ല. ജാതികളും ദൈവത്തിന് പ്രിയപ്പെട്ടവരാണ്, അവർക്കുവേണ്ടി കർത്താവ് കഷ്ടം സഹിച്ചു, മരിച്ചു, മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റു. പൗലൊസ് റോമർക്ക് ലേഖനം എഴുതുമ്പോൾ ഒരു ആത്മീക സത്യം വെളുപ്പെടുകയായിരുന്നു. അത് അക്ഷരികമായി ശക്തി പ്രാപിക്കുമായിരുന്നു. യഹൂദജനത്തെ താൻ വളരെ സ്നേഹിച്ചിരുന്നു. അവർക്ക് വേണ്ടി ദൈവത്തിന് മറ്റൊരു പദ്ധതിയുണ്ട് എന്ന് മനസ്സിലാക്കി സുവിശേഷവുമായി ജാതികളുടെ അടുക്കലേയ്ക്ക് പോകയായിരുന്നു. അങ്ങനെ ജാതികളുടെ അപ്പോസ്തലൻ എന്ന് പേരുവന്നു.

യഹൂദന്റെ അവിശ്വാസത്തിന്റെ മർമ്മം

പൗലൊസ് പ്രസ്താവിക്കുന്ന അനേക വിഷയങ്ങളിൽ ഒന്ന് റോമാ ലേഖനത്തിൽ നാം കാണുന്നത്, എന്തുകൊണ്ടാണ് യഹൂദൻ സുവിശേഷത്തെ ഉപേക്ഷിച്ചുകളഞ്ഞത്. ആ തള്ളികളയൽ, പൗലൊസ് ലേഖനം എഴുതിയ ആദിമവിശ്വാസികളെ സംബന്ധിച്ചിടത്തോളം ഒരു വലിയ മർമ്മമായിരുന്നു. അങ്ങനെ അല്ലായിരുന്നു എങ്കിൽ ജാതികൾക്ക് രക്ഷ പ്രാപിപ്പാനാകുമായിരുന്നില്ല. യഹൂദനെ തൽക്കാലം ഒഴിവാക്കി ജാതികൾക്ക് വാതിൽ തുറന്നു കൊടുക്കുകയായിരുന്നു. യഹൂദന്റെ അവിശ്വാസം ജാതികളുടെ അംഗീകാരത്തിന് കാരണമായി. ആ വസ്തുത പൗലൊസ് ഇവിടെ വെളിപ്പെടുത്തുകയാണ്.

യഹൂദൻ യേശുവിനെ ഉപേക്ഷിച്ചപ്പോൾ യിസ്രായേലിന്റെ ചരിത്രത്തിൽ ദൈവം വ്യക്തമായ മറ്റൊരു പദ്ധതി തുറക്കുകയായിരുന്നു. ദൈവം എല്ലാവരേയും ഒരുപോലെ സ്നേഹിക്കുന്നു.

യഹൂദന്റെ മർക്കടമുഷ്ടിയും എന്നാൽ അവ

(ശേഷം 4-ാംപേജിൽ)

ജീവജലത്തിന്റെ അരുവികൾ ഒഴുകുന്നു

By Andrew Gih

രണ്ടാംലോകമഹായുദ്ധ കാലത്ത് ചൈനയിൽ അത്ഭു തകരമായ ഒരു ഉണർവ്വുണ്ടാ യി. ആ കാലത്ത് അൻഡ്രൂ ഗിഹ് എന്ന ചൈനക്കാര നായ സഹോദരൻ വളരെ ശക്തമായി ഉപയോഗിക്കപ്പെ ടുകയുണ്ടായി. “ ഷംഘായി യിലുള്ള ബഥേൽ മിഷനി ലൂടെ ഉണർവ്വുണ്ടായപ്പോൾ അന്നത്തെ സുവിശേഷ പ്രവർത്തനങ്ങളിൽ വ്യാപൃത രായിരുന്ന ആൻഡ്രൂഗിഹ്. ഇങ്ങനെയുള്ള നാലു സഹോദരന്മാരാണാ ഉണർ വ്വിന്റെ അഗ്നി ചൈനയുടെ വിവിധ ഭാഗങ്ങളിൽ എത്തി ക്കുവാനായി അദ്ധ്വാനിച്ചത്. അവർ ബഥേൽ സുവിശേ ഷീകരണ സംഘം എന്ന ഒരു പ്രവർത്തനം രൂപീകരിച്ചു, ചൈനയുടെ വിവിധ ഭാഗങ്ങ ളിലും മറ്റു സ്ഥലങ്ങളിലും സുവിശേഷം പ്രസംഗിക്കു വാൻ പ്രതിജ്ഞയെടുത്തു. 1931-ൽ ഗിഹ് ന്റെ നേതൃത്വ ത്തിൽ ബഥേൽ സുവിശേ ഷീകരണസംഘം വടക്കൻ ചൈനയിൽ സാഹസിക മായ യാത്ര നടത്തി.

അങ്ങനെ ബഥേൽ സുവി ശേഷീകരണ സംഘത്തിന്റെ ഒന്നാമത്തെ പ്രവർത്തനം ഹൊപ്പെ പ്രവിശ്യയിലുള്ള തൈമിംഗ്ഫൂ എന്ന സ്ഥല ത്തുവച്ചു നടന്നു. ആ പ്രവർ ത്തനം ഒരു വിധം നടന്നു. പക്ഷേ ഒന്നും സംഭവിച്ചില്ല. ദൈവത്തിന്റെ പരിശുദ്ധാ ത്മാവ് ജീവിതങ്ങളിൽ പ്രവർ ത്തിക്കുന്നതിനെ സംബ ന്ധിച്ച് യാതൊരു സൂചനപോലും ലഭിച്ചില്ല. ഞങ്ങളുടെ ഹൃദയങ്ങൾ വളരെ വേദനപ്പെട്ടു. എന്നാൽ ഞങ്ങളിൽ ഒരാൾ തന്റെ ജീവിതത്തിൽ ദൈവം ചെയ്ത അത്ഭുതത്തെ സംബന്ധിച്ച് തന്റെ സാക്ഷ്യം പറയുവാനിടയാ യി. ജനത്തെ സമർപ്പണത്തി നായി വിളിക്കുമ്പോൾ ആളുകൾ മുട്ടുമടക്കി ദൈവ ത്തോട് കരഞ്ഞു.

ചൈനയിലുള്ള ഒരു വേദപാഠശാലയിൽ യോഗ ങ്ങൾ നടത്തുവാനുള്ള മഹാ ഭാഗ്യം ഞങ്ങളുടെ ചെറിയ കൂട്ടത്തിന് കിട്ടി. ദൈവ ത്തിന്റെ പരിശുദ്ധാത്മാവ് ഇറങ്ങിയപ്പോൾ ഞങ്ങൾക്ക് നിയന്ത്രിക്കാൻ കഴിയാതെ അർദ്ധരാത്രിവരെയോ അതി ലധികമോ ആയി യോഗ ങ്ങൾ നീണ്ടു പോയി. ഒരു അദ്ധ്യാപകൻ പരിശുദ്ധാത്മാ വിന്റെ ശക്തിയാൽ നിറ ഞ്ഞിട്ട് ദൈവമുമ്പാകെ തന്റെ പാപങ്ങളെ അനുതപി ചിച് പ്രാർത്ഥിച്ചിട്ട് വിദ്യാർ ത്ഥികളെ സ്തുതിയിലും ആരാധനയിലും നടത്തു വാൻ ഞങ്ങളോട് ആവശ്യ പ്പെട്ടു. ആ യോഗം അവസാ നിക്കുമ്പോൾ വിദ്യാർത്ഥി കൾ പാട്ടോടും സന്തോഷ ത്തോടും തങ്ങളുടെ കിടക്ക കളിലേയ്ക്ക് പോയി. ദൈവ ത്തിന്റെ ശക്തമായ മഹത്വം ആ പ്രദേശത്തെ നിറച്ചു.

ഒരു പ്രായമുള്ള സ്ത്രീ വിശ്വാസം നിമിത്തം വളരെ പീഡിപ്പിക്കപ്പെട്ടു. ഒരു രാത്രി യോഗത്തിന് ശേഷം വീട്ടി ലേയ്ക്ക് പോയി, എന്നാൽ ഉറങ്ങുവാൻ അവർക്ക് കഴി ഞ്ഞില്ല. അവരുടെ ഹൃദയം ദൈവമുമ്പാകെ പകർന്നു. അവർ മുഴങ്കാലിൽ നിൽക്കു മ്പോൾ തന്നെ ഒരു ശബ്ദം അവർ കേട്ടു. വാതിൽ തുറന്ന പ്പോൾ തന്റെ വീട് കത്തുന്ന കാഴ്ചയായിരുന്നു അവർ കണ്ടത്. പിറ്റേന്ന് രാത്രി

(ശേഷം 6-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വനന്ദനം. ഒരു ക്രിസ്തുമസ് കൂടെ വരവായി. നക്ഷത്രം കണ്ടതുകൊണ്ടു അവർ അത്യന്തം സന്തോഷിച്ചു. ആ വീട്ടിൽ ചെന്നു ശിശു വിനെ അമ്മയായ മറിയയോടുകൂടെ കണ്ടു വീണു അവനെ നമസ്ക്കരിച്ചു. നിക്ഷേപപാത്രങ്ങളെ തുറുന്നു അവന്നു പൊന്നും കുന്തുരുക്കവും മൂരും കാഴ്ചവെച്ചു (മത്താ. 2:10).

2018-ാം വർഷത്തിന്റെ നവംബർ മാസം നമ്മെ വിട്ട് കടന്നുപോയി. ഡിസംബർ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്. കർത്താവിൽ പൂർണ്ണമായി സന്തോഷിക്കുവാൻ കഴിയണമെങ്കിൽ നമ്മുടെ ജീവിതത്തിലെ നന്മകളെ ഓർക്കുക. ദൈവം നൽകിയ ഓരോ നല്ല ദാനങ്ങൾക്കായും ദൈവസന്നിധിയിൽ നന്ദി അർപ്പിക്കുക. നമ്മുടെ യാചനകൾക്ക് ഉത്തരം ലഭിക്കില്ല എന്നു തോന്നുന്ന നിമിഷത്തിൽ പോലും ദൈവത്തിൽ നമുക്ക് നന്ദിയുള്ളവരായിരിക്കുവാൻ കഴിഞ്ഞാൽ കർത്താവിൽ പൂർണ്ണമായും സന്തോഷം കണ്ടെത്തുവാൻ സാധിക്കും.

കർത്താവായ യേശുക്രിസ്തു തന്റെ മണമവാട്ടിയായ സഭയെ ശുദ്ധവും നിഷ്കളങ്കവുമായി കറയും കളങ്കവും ഒന്നു മില്ലാതെ തനിക്കു തന്നെ തേജസ്സോടെ നിർത്തുവാൻ പോകു കയാണ്. ദൈവത്തെ ഭയപ്പെട്ട് താഴ്മയോടെ ജീവിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായ ങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയു വാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in
മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

പ്രത്യാശയ്ക്കുള്ള കാരണങ്ങൾ

By Joel C. Rosenberg

ഈ ലോകം നഷ്ടപ്പെട്ടതും ഇരുളടഞ്ഞതും ഇരുട്ടിലേക്ക് ത്വരിതഗമനം ചെയ്യുന്നതാണെങ്കിലും പ്രത്യാശയുള്ള ചില കാരണങ്ങളും ഇവിടെയുണ്ട്.

അതെ, ദുഷ്ടത നൃത്തമാടുകയാണ്. എന്നാൽ ദൈവമായ കർത്താവ് വിശുദ്ധനും സകലത്തിന്റെയും അധിപതിയുമാണ്. അവിടുന്ന് പ്രവർത്തിക്കയും ചെയ്യുന്നു. നമ്മുടെ ജീവിത കാലത്ത് യിസ്രായേലിന്റെ പുനർജനനം നാം കണ്ടു. ലക്ഷക്കണക്കിന് യഹൂദന്മാർ സ്വദേശത്തേയ്ക്ക് കുടിയേറിക്കൊണ്ടിരിക്കുന്നു. പുരാതനശൂന്യങ്ങളെ പണിയുന്നു, എല്ലാം വേദപുസ്തകത്തിലെ പ്രവചനങ്ങളുടെ നിവർത്തിയത്രേ. ഇന്ന് യിസ്രായേൽ രാഷ്ട്രം സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നത്, അബ്രഹാമിന്റെയും, യിസ്ഹാക്കിന്റെയും ദൈവമായ യഹോവ ജീവിക്കുന്നു എന്നതിന്റെ തെളിവാണ്, ദൈവവചനം ദൈവനിശ്വാസീയമാണെന്നും പ്രവചനങ്ങൾ എല്ലാം സത്യമാണ് എന്നും തെളിയുന്നു. ലോകമെമ്പാടുമുള്ള തന്റെ മക്കളെ അവരുടെ കഷ്ടതകളിൽ താങ്ങുന്നു എന്നും അവർക്കുവേണ്ടി കരുതുന്നു എന്നും നമ്മുടെ കർത്താവ് വേഗം വരുന്നു എന്നതുകൊണ്ട് അല്പം കൂടെ മാത്രം സഹിച്ചാൽ മതി എന്നുമൊക്കെ ഈ സംഭവങ്ങൾ നമ്മെ വിളിച്ചറിയിക്കുകയാണ്.

ലോകമെമ്പാടുമുള്ള പല യെഹൂദന്മാരും ദൈവവചനം ശരിയായി വിശ്വസിക്കയോ പഠിക്കയോ ചെയ്യുന്നില്ല. എന്നാൽ പ്രധാനമന്ത്രി നെതന്യഹു തന്റെ ഔദ്യോഗിക വസതിയിൽ ശബ്ബത്തിൽ വേദപുസ്തകം വായിക്കയും പഠിക്കയും ചെയ്യുന്നു. ദൈവവചനത്തിന്റെ നിറവേറലുകളെ സംബന്ധിച്ച് ആകാംഷയും ആനുകാലിക സംഭവങ്ങളിൽ സന്തോഷം ഉള്ളവനായും ഇരിക്കുന്നു. നിശ്ചയമായും ധാരാളം യഹൂദന്മാർ ദൈവവചനം വായിക്കുവാൻ ഉത്സാഹം കാണിച്ചു കൊണ്ടിരിക്കുന്നു. റബ്ബിമാരും, യഹൂദ പണ്ഡിതന്മാരും ചിലർ പുതിയനിയമം വായിക്കുവാൻ താല്പര്യം കാണിക്കുന്നു.

യിസ്രായേലിൽ സുവിശേഷത്തിന് നിയന്ത്രണങ്ങളുണ്ട്. എന്നാൽ മറ്റേതൊരു കാലഘട്ടത്തെക്കാളുമുപരി കഴിഞ്ഞ പത്തു വർഷങ്ങൾക്കുള്ളിൽ ധാരാളം മുസ്ലീങ്ങളും യഹൂദന്മാരും ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു. വരുന്ന വർഷങ്ങളിലും അനേകർ ദൈവവചനം വായിക്കയും യേശുവിനെ മശിഹായെന്ന് അംഗീകരിക്കയും അനേകർ ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് അടുത്തുവരികയും ചെയ്യും. റോമർ 11:26-ൽ വായിക്കുന്നത് " ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും". ദൈവം തന്റെ പ്രവൃത്തി ചെയ്യും. ഇപ്പോൾ നാം നമ്മുടെ പ്രവൃത്തി ചെയ്യേണ്ടതാകുന്നു. ഭയമോ, ലജ്ജയോ കൂടാതെ ദൈവവചനം പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്യുക എന്നതാണ് നമ്മുടെ ദൗത്യം. മാത്രമല്ല, യിസ്രായേൽ രാജ്യത്തെക്കുറിച്ചും അതിന്റെ ഭാവിയെക്കുറിച്ചും ആളുകളെ പഠിപ്പിക്കയും ദൈവശാസ്ത്രപരമായ അറിവ് ആളുകളിൽ വളർത്തിയെടുക്കുകയും വേണം.

എന്നാൽ അമേരിക്കയിലോ അതുപോലുള്ള രാജ്യങ്ങളിലോ ഉള്ള ഇന്നത്തെ പാസ്റ്റന്മാരും ക്രിസ്തീയ നേതാക്കന്മാരും വേണ്ടുവണ്ണം പഠിക്കുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല. യിസ്രായേലിനെ സംബന്ധിച്ച് ദൈവത്തിന്റെ പദ്ധതിയെക്കുറിച്ചോ അവരോടുള്ള ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചോ അവർ മനസ്സിലാക്കുന്നില്ല. അവർ പറയുന്നത്, യിസ്രായേലിനെ സംബന്ധിച്ചോ യഹൂദജനത്തെ സംബന്ധിച്ചോ പ്രത്യേക

(ശേഷം 5-ാം പേജിൽ)

മായി ഒന്നും ചിന്തിക്കാനില്ല എന്നാണ്. ചിലർ പറയുന്നു, ദൈവം യിസ്രായേലിനെ തള്ളിയിരിക്കയാണ്. എന്നാൽ ഇത് ഹൃദയ ഭേദകവും, പൈശാചികവുമാണ്, അതിനെ പരാജയപ്പെടുത്തേണ്ടതാണ്. എന്നിരുന്നാലും ലോകത്തിലുടനീളം അനേക ക്രിസ്ത്യാനികളും മശിഹായെ വിശ്വസിക്കുന്ന യഹൂദന്മാരും ദൈവവചനത്തിന്റെ പ്രവചനങ്ങളിൽ

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*

പ്രാർത്ഥിക്കുന്ന ഒരു തലമുറയെ ഒരുക്കുന്നു

By Kimm Butts

പ്രാർത്ഥിക്കുന്ന ജനങ്ങളിൽ കുട്ടികൾ ആഗ്രഹിക്കുന്ന രണ്ടു കാര്യങ്ങളുണ്ട്. ഉദാഹരണം, അവസരം, ഭൂരിപക്ഷം കുട്ടികളിലും ഇതിൽ ഏതെങ്കിലുമൊന്നേ ലഭിക്കുകയുള്ളൂ. നാം വ്യക്തിപരമായോ സഭയായോ നമ്മുടെ ആചാരപരമായ കാര്യങ്ങളിൽ മുഴുകിയിരിക്കുന്നു. ഏറ്റവും പ്രധാനമായതിനെ അവഗണിക്കയും ചെയ്യുന്നു. മറിയ യേശുവിനെ ശ്രദ്ധിച്ചു. ഓരോ വാക്കുകളും ശ്രദ്ധയോടെ കേട്ടു. യേശുവിനെ നന്നായി അറിയുവാൻ താല്പര്യപ്പെട്ടു. വ്യക്തിപരമായി നിന്നോടുള്ള ദൂതുകളെ കാത്തിരുന്നു കേട്ടു.

ശുശ്രൂഷകന്മാരും സഭാനേതാക്കന്മാരും, അപ്പൻ അമ്മ, പിതാമഹൻന്മാർ, ഉപദേഷ്ടാക്കന്മാർ, കുഞ്ഞുങ്ങൾ ഉള്ള മറ്റുള്ളവർ സമൂഹത്തിൽ സ്വാധീനമുള്ളവർ- നിങ്ങൾ ദയവായി പ്രാർത്ഥനയോടു കൂടിയ ദൈവസ്നേഹത്തിൽ ദൈവത്തിന്റെ മുഖം അന്വേഷിക്കണം. അപ്പോൾ മാത്രമേ, കുഞ്ഞുങ്ങൾക്ക് മാതൃകയുള്ള ഒരു ജീവിക്കുന്ന സാക്ഷ്യമായി തീരുവാൻ കഴിയുകയുള്ളൂ.

അതുപോലെ തന്നെ കുഞ്ഞുങ്ങൾ നല്ല പ്രാർത്ഥനാ മനുഷ്യനായിത്തീരുവാനുള്ള അവസരങ്ങൾ തേടുന്നു. വീട്ടിൽ, സഭയിൽ, സമൂഹത്തിൽ അതിനപ്പുറത്തായും അവർ അവസരം തേടുന്നു. അവർ പരിശീലിക്കപ്പെടണം. ഉത്സാഹിപ്പിക്കണം, ശിഷ്യരാക്കണം. അന്ധകാരമയമായ, പ്രശ്നകലുഷിതമായ ലോകത്തിൽ അവർ പ്രാർത്ഥനാ വീരന്മാരാകണം. നമ്മിലൂടെ അത് സാദ്ധ്യമാകണം. അവരെ വളർത്തിയെടുക്കേണ്ടതിനായി കാത്തിരിക്കാൻ ഇനിയും സമയമില്ല. ദൈവത്തിന്റെ പ്രത്യേകമായ ഇഷ്ടത്താൽ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കായി ജനിച്ചിരിക്കുന്നു. അവർ വളർന്ന് പ്രാർത്ഥനാ വീരന്മാരായിത്തീരുന്നതിന് നാം അവർക്ക് മാതൃകകളെയോ അവസരങ്ങളെയോ കൊടുത്തില്ലെങ്കിൽ അവർ മറ്റു കാര്യങ്ങളിലേയ്ക്ക് തിരിയും. പിന്നെ അവരെ പ്രാർത്ഥനയിലേക്ക് തിരിച്ചു കൊണ്ടുവരികയെന്നത് പ്രയാസമേറിയ കാര്യമത്രേ.

എനിക്കുവേണ്ടി എന്റെ ഭവനത്തിനുവേണ്ടിയെന്ന നിലയിൽ

നിങ്ങൾ ഒരു ക്രിസ്തീയ ഭവനത്തിൽ പരിശീലിപ്പിക്കപ്പെട്ട വ്യക്തിയോ കർത്താവിന്റെ വഴിയിൽ നടക്കാൻ തുടങ്ങിയ വ്യക്തിയോ ആണെങ്കിൽ രക്ഷകർത്താക്കൾ അനുവർത്തിക്കേണ്ടതായ ചില ചുമതലകളുണ്ട്. രക്ഷകർത്താക്കൾ ഏത് പ്രായത്തിലോ ഏത് അവസ്ഥയിലോ ആയിരിക്കാം നിങ്ങളുടെ ഭവനം ഒരു പ്രാർത്ഥനാഭവനം ആയിരിക്കാം എന്ന് സ,മർപ്പിക്കാൻ കഴിയുമോ? പൂർണ്ണമായി ദൈവത്തെ സേവിക്കുന്ന ഒരു ഭവനമായിരിക്കാം എന്റേത് എന്ന് പറയാൻ കഴിയുമോ? യോശുവാ പറയുന്നു " ഞാനും എന്റെ കുടുംബവുമോ, ഞങ്ങൾ യഹോവയെ സേവിക്കും " (യോശു. 24:15).

പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനും ജ്ഞാനത്തിനുമായി പ്രാർത്ഥിക്കാം. അനുഭവ പരിചയമുള്ള മറ്റ് ക്രിസ്തീയ രക്ഷാകർത്താക്കളുടെ അനുഭവങ്ങൾ തേടണം. നിങ്ങളുടെ സഭ യിൽ അങ്ങനെയുള്ള പരിശീലനം ലഭിക്കുന്നില്ല എങ്കിൽ പ്രാർത്ഥന അനുഭവമുള്ള മറ്റുള്ളവരുടെ ശിഷ്യനായിത്തീരുവാൻ ഭയപ്പെടേണ്ട.

പിതാക്കന്മാരേ കുടുംബത്തിന്റെ നാഥൻ എന്ന നിലയിൽ നിങ്ങളുടെ കുടുംബത്തെ ആരാധനയിലും പ്രാർത്ഥനയിലും ദൈവസിംഹാസനത്തോട് അടുപ്പിക്ക എന്നത് നിങ്ങലുടെ ചുമതലയും പദവിയുമാണ്. "മക്കളേ വന്ന് എനിക്ക് ചെവിതരുവിൻ; യഹോവയോടുള്ള ഭക്തിയെ ഞാൻ ഉപദേശിച്ചുതരാം " (സങ്കീ. 34:11). അനുദിനജീവിതത്തിൽ കുഞ്ഞുങ്ങളെ ദൈവത്തിന്റെ സാന്നിദ്ധ്യം അറിയുകയും അനുഭവമാക്കുകയും ചെയ്യുന്നതിനായി ഒരുക്കുകയും ചെയ്യുന്നതിനേക്കാൾ ശ്രേഷ്ഠമായി മനുഷ്യ ജീവിതത്തിൽ മറ്റൊന്നില്ലല്ലോ. സ്വാഭാവികമായി കർത്താവിൽ ആയിരിക്കുന്ന ഒരു അനുഭവമാണ് എന്നും അവർ മനസിലാക്കുന്നു. നിങ്ങൾ ഒരു അമ്മയോ ഒരു രക്ഷകർത്താവോ ആയിരിക്കുന്നു എങ്കിൽ, നിങ്ങളുടെ കൂട്ടാളി ഒരു വിശ്വാസി അല്ലെങ്കിൽ നിങ്ങളുടെ മക്കൾക്കു ഒരു മാതൃകയായിരിക്കയും കുടുംബത്തെ പ്രാർത്ഥ നയിലേക്ക് നടത്തുവാൻ പരിശ്രമിക്കയും ചെയ്യണം.

കുട്ടികൾ സഭയിൽ പരിശീലിപ്പിക്കപ്പെടണം. രക്ഷകർത്താക്കൾ കുഞ്ഞുങ്ങളുടെ ആത്മിക വളർച്ചയിൽ ശ്രദ്ധാലുക്കളായിരിക്കയും വേണം. സഭ മാതാപിതാക്കൾ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കേണ്ടതിന് പ്രോത്സാഹിപ്പിക്കേണ്ടതാണ്. എങ്കിലും മാതാപിതാക്കൾ നിശ്ചയമായും തങ്ങളുടെ കുഞ്ഞുകൂട്ടുകാർക്ക് മാതൃകകളായിരിക്കേണ്ടതാണ്.

അടുത്ത തലമുറ ഒരു ഉണർവ്വിനെ പ്രതീക്ഷിക്കുന്ന പ്രാർത്ഥനാ വീരന്മാരായി വളരുവാൻ ഇന്നു തന്നെ പ്രാർത്ഥനയും പരിശീലനവും ആരംഭിക്കുക. അവിടുത്തെ വരവിന് നാം ഒരുക്കമുള്ളവരാണോ? പ്രാർത്ഥനയിലും ആരാധനയിലും ദൈവത്തോട് അടുത്ത് ചെല്ലുവാൻ നമ്മുടെ കുഞ്ഞുങ്ങൾ ഒരുക്കപ്പെട്ടിരിക്കുന്നുവോ? കണ്ണാലെ കണ്ടിട്ടുള്ള കാര്യങ്ങൾ നീ മറക്കാതെയും നിന്റെ ആയുഷ്കാലത്തൊരിക്കലും അവ നിന്റെ മനസ്സിൽ നിന്ന് വിട്ടുപോകാതെയും ഇരിപ്പാൻ മാത്രം സൂക്ഷിച്ച് നിന്നത്തന്നേ ജാഗ്രതയോടെ കാത്തുകൊൾക. നിന്റെ മക്കളോടും മക്കളുടെമക്കളോടും അവയെ ഉപദേശിക്കേണം (ആവർ. 4:9).

(1-ാം പേജിന്റെ തുടർച്ച)

യഹൂദജനത്തിന്റെ രക്ഷ

രോടുള്ള ദൈവത്തിന്റെ സ്നേഹവും പൗലൊസ് മനസിലാക്കി. പൗലൊസിന് യഹൂദന്റെ ചരിത്രം ലക്ഷ്യത്തിലേയ്ക്ക് നീങ്ങുന്ന ഒരു തീവണ്ടിപോലെയാണ്. യഹൂദൻ അതിൽ കയറാൻ വിസമ്മതിച്ചപ്പോൾ ജാതികൾ കൂട്ടമായി അതിൽ കയറി. അതിനായി അവർക്ക് വഴി തുറക്കപ്പെട്ടു.

യഹൂദന്റെ സുവിശേഷീകരണത്തിൽ ജാതികൾക്കുള്ള പങ്ക്

ദൈവരാജ്യത്തിന്റെ വ്യാപ്തിയിൽ ജാതികളുടെ പങ്ക് നോക്കുമ്പോൾ പ്രവചനവാക്കുകൾ രണ്ടു കൂട്ടരെയും കുറിച്ച് പറയുന്നത് അവർ ക്രിസ്തുവിന്റെ സാക്ഷികളാകുമ്പോൾ: എന്റെ രക്ഷ ഭൂമിയുടെ അറ്റത്തോളം എത്തേണ്ടതിന് ഞാൻ നിന്നെ ജാതികൾക്ക് പ്രകാശമാക്കിവച്ചിരിക്കുന്നു " (യെശ.യ 49:6). ഈ വചനം യഥാർത്ഥ്യമാവുമ്പോൾ കൊർന്നല്യോസിന്റെ

(ശേഷം 6-ാംപേജിൽ)

ഒരു രാഷ്ട്രം ദൈവത്തിങ്കലേക്ക് തിരിയുന്നു

By Bill Elliff

മനുഷ്യ ചരിത്രത്തിലെ അത്ഭുതകരമായ ഒരു ഉണർവ്വിന്റെ അനുഭവം നെഹെമ്യാവിന്റെ പുസ്തകത്തിൽ നാം കാണുന്നു. യഹൂദന്മാർ ദൈവത്തോട് മത്സരിച്ചു, അനേകവർഷങ്ങൾ ബാബിലോണിന്റെ അടിമത്വത്തിലേക്ക് നയിക്കപ്പെട്ടു.

ദൈവത്തിന്റെ കരം അവരുടെമേൽ ഇരുന്നു. അത്ഭുതകരമായി കോരെശ് രാജാവിനെ എഴുന്നേല്പിച്ച് അവരുടെ സ്വന്തദശത്തേയ്ക്ക് പോകുവാൻ അവസരമൊരുക്കി. അങ്ങനെ നെഹെമ്യാവിനെ മടങ്ങിപ്പോകുവാനും യെരുശമേമിന്റെ മതിലുകളെ പുതുക്കിപ്പണിയുവാനും അനുവദിച്ചു. നെഹെമ്യാവ് അൻപത്തി രണ്ട് ദിവസങ്ങൾ കൊണ്ട് മതിൽ പണി പൂർത്തിയാക്കി.

ഒരു രാജ്യം എന്ന നിലയിൽ ഒരുമിച്ചു കൂടുവാൻ അവർ അങ്ങനെ ദേശത്തിലേയ്ക്ക് വന്നു. പിന്നെ എന്താണ് അവർ ചെയ്തത്? അവർ തടി കൊണ്ട് ഒരു പ്രസംഗപീഠം ഉണ്ടാക്കി, ദൈവഭക്തനായ നേതാവിനെ വിളിച്ചു, എസ്രയും മറ്റുപുരോഹിതന്മാരും ചേർന്ന് ദൈവവചനം വായിച്ച് പൊരുളും തിരിച്ചുകൊടുത്തു. “ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണ പുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കയും വായിച്ചത് ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുയും ചെയ്തു” (നെഹ. 8:8).

ഇത് ഒരു പ്രസംഗം ആയിരുന്നു. ആത്മാവിന്റെ നടത്തിപ്പിനാൽ പ്രസംഗിച്ച ആ പ്രസംഗത്തിന്റെ പരിണതഫലം എന്തായിരുന്നു?

കുറ്റബോധം

ദൈവത്തിന്റെ വചനത്തിന്റെ വഴിയിൽ നിന്നും അവർ വീണിരിക്കുന്നു, എന്ന യാഥാർത്ഥ്യം അവർ തിരിച്ചറിഞ്ഞു. അവർ ദു:ഖിക്കുവാനും കരയുവാനും തുടങ്ങി. ജനമെല്ലാം ന്യായപ്രമാണത്തെ കേട്ടപ്പോൾ കരഞ്ഞുപോയിരുന്നു (8:9). അവർ ഇങ്ങനെ ചെയ്തു. ..... തിന്നുകയും കുടിക്കുകയും പകർച്ച കൊടുത്തയ്ക്കുകയും അത്യന്തം സന്തോഷിക്കയും ചെയ്തു. (8:12).

തിരുത്തൽ

ദൈവം ആഗ്രഹിച്ചത് അവർക്കു ചെയ്യാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ പെട്ടെന്ന് അവർ തിരുത്തി. ദൈവവചനം കേൾക്കുവാനും മടങ്ങിവരുവാനും ഇടയായതിനാൽ അവർ അതിനെ ഒരു ആഘോഷമായി മാറ്റി. പുറപ്പാടുപുസ്തകത്തിൽ മിസ്രയീമിൽ നിന്നും കനാൻ ദേശത്തെ ലക്ഷ്യമാക്കിയ യാത്ര ചെയ്തപ്പോൾ സന്തോഷിച്ചതുപോലെ അവരുടെ മടങ്ങി വരവിന്റെ ഓർമ്മയെ ഒരു ആഘോഷമാക്കി മാറ്റി.

അനുതാപം:

അടുത്ത ഏഴു ദിവസങ്ങൾ ഉപവസിച്ചും രട്ടുടുത്തും തലയിൽ പൂഴിവാരിയിട്ടും കൊണ്ട് ന്യായപ്രമാണം കേൾക്കുവാൻ കൂടി വന്നു. യിസ്രായേൽ സന്തതിയായവർ സകല അന്യജാതിക്കാരിൽ നിന്നും വേർതിരിഞ്ഞ് നിന്നു തങ്ങളുടെ പാപങ്ങളെയും തങ്ങളുടെ പിതാക്കന്മാരുടെ അകൃത്യങ്ങളെയും ഏറ്റുപറഞ്ഞു. പിന്നെ അവർ തങ്ങളുടെ നിലയിൽ തന്നെ ഏഴുന്നേറ്റു നിന്നു, അന്നു ഒരു യാമത്തോളം തങ്ങളുടെ ദൈവമായ യഹോവയുടെ ന്യായപ്രമാണ പുസ്തകം വായിച്ചു കേൾക്കയും പിന്നെ ഒരു യാമത്തോളം പാപങ്ങളെ ഏറ്റുപറഞ്ഞ് തങ്ങളുടെ ദൈവമനായ യഹോവയെ നമസ്ക്കരിക്കയും ചെയ്തു. (നെഹ. 9:2,3). ഇത് ശ്രദ്ധേയമായ ഒരു കൂട്ടായ്മയാണ്. അതിന്റെ പരിണത ഫലമായി ഒരു രാഷ്ട്രം വ്യത്യാസപ്പെടുകയാണുണ്ടായത്.

ഉണർവ്വ്

ദൈവം തന്റെ ജനത്തെ ഉണർത്തി (ജീവിതത്തിലേക്ക് മടക്കി കൊണ്ട് വന്നു). ദൈവമുമ്പാകെ വിശ്വസ്തരായിരിക്കേണ്ടതിന് ഒരു പുതിയ ഉടമ്പടി അവർ എഴുതിയുണ്ടാക്കി. നേതാക്കന്മാർ ആദ്യം ഒപ്പിട്ടു, ജനവും ഒപ്പിട്ടു. ഇത് പൂർണ്ണവും രാഷ്ട്രീയവുമായ ഒരു ഉണർവായിരുന്നു. ഇങ്ങനെ ഒരു ഉണർവ്വ് നമ്മുടെ രാജ്യത്ത് ഉണ്ടാകുകയും എന്ന് ചിന്തിക്കാൻ കഴിയുമോ?

എവിടെയാണ് ഇവയെല്ലാം ആരംഭിച്ചത്? അനേക കാര്യങ്ങളുണ്ട്. അതിലൊന്ന് കാലാകാലങ്ങളിൽ ദൈവം തന്റെ ദാസന്മാരെ എഴുന്നേല്പിച്ച് ദൈവവചനം പ്രസംഗിച്ചു എന്നതാണ്. ദൈവവചന കേൾവി അതിപ്രധാനമായ ഒരു ഘടകമാണ്.

“ ദൈവത്തിന്റെ വചനം പാറയെത്തകർക്കുന്ന ചുറ്റിക പോലെ ” (യിരെ. 23:29) എന്ന കാര്യം ഒരിക്കലും മറന്നുപോകരുത്. ദൈവത്തിന്റെ രാജ്യം ഭൂമിയിൽ സ്ഥാപിതമാക്കാനുള്ള ദൈവവിക പദ്ധതിയുടെ പ്രാരംഭ നടപടിയാണ് ദൈവവചനം പ്രസംഗിക്കുക എന്നത്.

ദൈവവചനത്തിന്റെ ശുശ്രൂഷ ലഘൂകരിക്കുകയോ ചെയ്യരുത്. സത്യത്തിന്റെ വചനത്തന് വേദപുസ്തക പ്രസംഗത്തിന് നമ്മെത്തന്നെ ഒരുക്കി ഏല് പിച്ച് നമ്മുടെ സഹോദരവർഗ്ഗത്തെ അതിലേയ്ക്ക് നയിക്കേണ്ടതാണ്. അത് രാജ്യത്തിന്റെ രക്ഷയ്ക്ക് കാരണമാകുന്നതാണ്.

(രണ്ടാം പേജിന്റെ തുടർച്ച)

പ്രത്യാശയ്ക്കുള്ള കാരണങ്ങൾ

ആകൃഷ്ടരായി അതിന്റെ ഉദ്ദേശവും ശക്തിയും കണ്ടു പിടിക്കയും അതിൽ സന്തോഷിക്കയും ചെയ്യുന്നു എന്നത് സന്തോഷകരമാണ്. ദൈവവചനം പഠിപ്പിക്കുന്നു. ആനുകാലിക സംഭവങ്ങളുമായി അതിലെ പ്രവചനങ്ങളെ താരതമ്യം ചെയ്തു പഠിക്കുന്നു, അതിലെ സത്യങ്ങളെ അന്വേഷിക്കുന്നു. അതു പറയുന്നത്, അബ്രഹാമ്യ ഉടമ്പടി സുസ്ഥിരവും വിലയേറിയതുമായിരിക്കുന്നു. യിസ്രായേലിനെ അനുഗ്രഹിക്കുന്നവരെ ദൈവം അനുഗ്രഹിക്കും. അതിനെ ശപിക്കുന്നവരെ ദൈവം ശപിക്കും. അതുകൊണ്ട് നാം ഭയപ്പെടേണ്ട ആവശ്യമില്ല. നമ്മെ ഭരമേല്പിച്ചിരിക്കുന്ന ദൗത്യത്തെ പൂർത്തീകരിക്കാം ചെറിയ കൂട്ടത്തെ ബലപ്പെടുത്തുകയും ചെയ്യാം.

യഹൂദജനത്തെയും അവരുടെ സകല കുടുംബങ്ങളെ യും സ്വീകരിപ്പാനും വ്യവസ്ഥ കൂടാതെ അവരെ സ്നേഹിപ്പാനും സാദ്ധ്യമായ നിലയിൽ യേശുവിന്റെ നാമത്തിൽ അവരെ അനുഗ്രഹിപ്പാനും നമ്മെ അവർ അംഗീകരിച്ചാലും ഇല്ലെങ്കിൽ അവരെ ഉൾക്കൊള്ളുവാനും സ്നേഹിക്കുവാനുമത്രേ സഭ വിളിക്കപ്പെട്ടിരിക്കുന്നത്. ഇതാണ് അബ്രഹാമിക ഉടമ്പടിയുടെ ലക്ഷ്യം. ഭൂമിയിലെ സകല കുടുംബങ്ങൾക്കും നാം ഒരു അനുഗ്രഹമായിരിക്കണം. ക്രിസ്തുവിന്റെ മഹാനിയോഗത്തിന്റെ ലക്ഷ്യവും അതാണ്. സകല ജാതിക

(ശേഷം 7-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

യഹൂദജനത്തിന്റെ രക്ഷ

വീട്ടിൽ പത്രൊസിനെ അത്ഭുതപ്പെടുത്തിയതുപോലെ ജാതികൾ ദൈവത്തിങ്കലേയ്ക്ക് തിരിയും. അപ്പോൾ പത്രൊസ് വായ് തുറന്നു പറഞ്ഞു തുടങ്ങിയത്: ദൈവത്തിന് മുഖ പക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു എന്നും ഞാൻ ഇപ്പോൾ യഥാർത്ഥമായി ഗ്രഹിക്കുന്നു (അ.പ്ര.10:34, 35). ദൈവത്തിന്റെ ഉടമ്പടിയിലേക്കും വാഗ്ദത്തങ്ങളിലേയ്ക്കും ജാതികൾ പ്രവേശിക്കുന്നു എന്നുള്ളത്, രാജ്യങ്ങൾക്ക് ഒരു സുവാർത്ത തന്നെയാണ്. എന്നാൽ ഈ പദവിയിൽ ഒരു പ്രത്യേക നിയോഗമുണ്ട്. ജാതികൾ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നത്, ഏറെ അനുഗ്രഹിക്കപ്പെട്ട വരായ യഹൂദജനത്തിലൂടെയാണ്.

റോമർ 11:11-ൽ അപ്പോസ്തലനായ പൗലൊസ് ചോദിക്കുന്നത് അവർ വീഴേണ്ടതിനോ ഇടറിയത് എന്ന് ഞാൻ ചോദിക്കുന്നു എന്നാൽ അതിന്റെ മറുപടി: ഒരിക്കലുമില്ല! ഈ ഉറപ്പ് സൂചിപ്പിക്കുന്നത് പൗലൊസിന് തന്റെ സ്വന്തജനത്തിന്റെ രക്ഷയെ സംബന്ധിച്ച വ്യക്തമായ വെളിപ്പാടുണ്ടായിരുന്നു എന്നാണ്. യഹൂദന്റെ അവിശ്വാസം കാരണം ജാതികളുടെ രക്ഷയ്ക്ക് വഴി തുറുന്നു കിട്ടി. എന്നാൽ യഹൂദന്റെ അംഗീകാരത്തിൽ മരിച്ചവരുടെ പുനരുദ്ധാനം ഉണ്ടാകും എന്ന് തിരുവചനം വ്യക്തമാക്കുന്നു. ആ വെളിപ്പാട് പൗലൊസിന് ലഭിച്ചിരുന്നു. അതിൽ താൻ സന്തോഷിക്കുകയാണ്. അവരുടെ ഭ്രംശം ലോകത്തിന്റെ നിരപ്പിന് കാരണമായെങ്കിൽ അവരുടെ അംഗീകരണം മരിച്ചവരുടെ ഉയിർപ്പെന്നല്ലാതെ എന്താകും? (റോമർ. 11:15).

എന്നാൽ മശിഹായുടെ ശരീരത്തിന്റെ അംഗങ്ങളായ ജാതികൾക്ക് ഒരു ഉത്തരവാദിത്വമുണ്ട്. അതുകൊണ്ടാണ് വളരെ തിടുക്കത്തിലും ഉത്സാഹത്തോടും തന്റെ മേലുള്ള നിയോഗവുമായി ജാതികളുടെ അടുക്കലേയ്ക്ക് പോയത്. ഈ ജാതികൾ ഒരിക്കൽ ദൂരസ്ഥരായിരുന്നു. ഇപ്പോൾ ക്രിസ്തുവിലുള്ള വിശ്വാസത്താൽ ദൈവത്തോട് നിരപ്പ് പ്രാപിച്ചിരിക്കുന്നു. ഈ ജനത്തെ ഉപകരണമാക്കി അവരിലൂടെയാണ് ഒരു ദിവസം യഹൂദജനം ദൈവത്തിങ്കലേയ്ക്ക് തിരിയുന്നത്.

പൗലൊസിന്റെ വാക്കുകൾക്ക് അനുസരണം കാണിക്കുന്നു.

റോമർക്ക് എഴുതിയ വചനങ്ങൾ നിറവേറേണ്ടതാണ്. ജാതികളുടെ പൂർണ്ണ സംഖ്യ ഇതുവരെ തികഞ്ഞിട്ടില്ല (റോമർ. 11:25). മുഴു യിസ്രായേൽ (റോ.11: 26) ഇതുവരെ രക്ഷിക്കപ്പെട്ടിട്ടില്ല. അവിടെയാണ് നാം വരുന്നത്!

യഹൂദനും ജാതികളായ വിശ്വാസികൾക്കും ഇന്ന് നിറവേറ്റുവാൻ ഒരു ഉത്തരവാദിത്വമുണ്ട്. പൗലൊസിന്റെ വാക്കുകളെ അതിന്റെ പൂർത്തീകരണത്തിലെത്തിക്കണം. ജാതികളായ വിശ്വാസികളും യഹൂദരായവിശ്വാസികളും ദൈവത്തിന്റെ വചനം യഹൂദജജാതിയിലെത്തിക്കണം. പ്രത്യേകമായി ജാതികളായ വിശ്വാസികൾ ആ നിയോഗം ഹൃദയത്തിൽ വഹിച്ചു. (റോമ. 11:11) അപ്രകാരം ജാതികളെ തിരുവചനംകൊണ്ട് നിറയ്ക്കുമ്പോൾ യഹൂദന് കോപവും അസൂയയും വരാൻ സാദ്ധ്യതയുണ്ട്. കാരണം യഹൂദന്റെ ലംഘനം ലോകത്തിന് ധനവും അവരുടെ നഷ്ടം ജാതികൾക്ക് സമ്പത്തും വരുവാൻ കാരണമായി (റോ. 11:12).

യഹൂദന്റെ മാനസാന്തരം, കർത്താവിന്റെ മടങ്ങിവരവ് ജാതികളുടെ പൂർണ്ണസംഖ്യ, സൃഷ്ടിയുടെ ഉദ്ധാരണം, ഇവയെല്ലാം തമ്മിൽ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. ഇതാണ് പൗലൊസിന് ലഭിച്ച മഹത്തായ ദർശനം. ആ ദർശനം നമ്മുടേതും ആയിത്തീരട്ടെ. സുവിശേഷത്തിന്റെ ശക്തി പകരപ്പെടുന്നു ആദ്യം യഹൂദന് (റോമ. 1:16). ❖

(2-ാം പേജിന്റെ തുടർച്ച)

ജീവജലത്തിന്റെ അരുവികൾ ഒഴുകുന്നു

അവർ യോഗത്തിൽ വന്ന് ഒരു സ്തോത്രക്കാഴ്ച അർപ്പിച്ചു. വീടും തനിക്കുള്ളതെല്ലാം കത്തി നശിച്ചു. യാതൊരു പരാതിയോ ബുദ്ധിമുട്ടുകളോ അവർ പറഞ്ഞില്ല. എന്നാൽ അവരുടെ ഹൃദയം സ്തുതികളാൽ നിറഞ്ഞിരുന്നു.

അടുത്തയോഗം വടക്കുകിഴക്കൻ പ്രവിശ്യയിൽ നടന്നു. ഞങ്ങൾ ലക്ഷ്യം വച്ച് യാത്രചെയ്തു. 1931-ൽ സെപ്തംബർ പത്തിന് അവിടെയെത്തി. സഭാ നേതാക്കന്മാരാൽ ഉള്ള സഹകരണത്താൽ ഫംഗ്വാങ്ങ്, യംഗ് എന്ന സ്ഥലത്ത് നടത്തിയ യോഗത്തിൽ ഞങ്ങൾക്ക് വളരെ പ്രതീക്ഷയുണ്ടായിരുന്നു. അവിടെ ഒരു ഉണർവ് നടന്നിരുന്നു. എങ്കിൽ, പരിശുദ്ധാത്മാവിന്റെ പ്രവൃത്തി നടന്നിരുന്നു എങ്കിൽ, മഞ്ജൂറിയ പൂർണ്ണമായും സുവിശേഷം അറിയുമായിരുന്നു. ആദ്യ ദിവസം യോഗം നടത്താൻ അനുവാദം കിട്ടി. ഞങ്ങളുടെ സാക്ഷ്യങ്ങളെ പറഞ്ഞപ്പോൾ യോഗാനന്തരം അനേകർ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ അനുഗ്രഹം തേടിയെത്തി. എന്നാൽ അവിടെയുള്ള നേതാക്കൾക്ക് അത് ഇഷ്ടപ്പെട്ടില്ല. ഞങ്ങൾ ഉപവസിപ്പാനും പ്രാർത്ഥിപ്പാനും തുടങ്ങി. അവിടെയുള്ള രണ്ട് പ്രതിനിധികൾ ഞങ്ങളുടെ അടുക്കൽ വന്ന് നിങ്ങളുടെ രീതി മാറ്റണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഞങ്ങൾ പരിശുദ്ധാത്മാവിന്റെ നടത്തിപ്പിന് ശുശ്രൂഷിക്കണമായിരുന്നു. അങ്ങനെ അവർ വാതിൽ പൂട്ടി ഞങ്ങളെ പുറത്താക്കിക്കളഞ്ഞു. ഞങ്ങളുടെ ഒരു സഹോദരൻ ദൈവശക്തിയുടെ പ്രവർത്തിയെ സംബന്ധിച്ച് ഒരു ദർശനം കണ്ടു അവിടെ താമസിക്കുവാൻ ഞങ്ങളോട് അപേക്ഷിച്ചു. ഞങ്ങൾ പുറപ്പെട്ടുപോന്ന ആ അർദ്ധരാത്രി അവർ ഞങ്ങളുടെ വണ്ടിയെ പിൻതുടർന്നു. കണ്ണുനീരോടുകൂടെ റെയിൽവേസ്റ്റേഷനിൽ ഞങ്ങളെ പിൻതുടർന്നു.

ഞങ്ങൾ മുക്ഡൻ എന്ന സ്ഥലത്തെത്തി. യോഗങ്ങൾ വിളിച്ചു കൂട്ടി. ആദ്യദിവസം 300 ആളുകൾ എന്നത് 1500-ഓളം ആയി. സഭയ്ക്ക് അത്രയും ആളുകളെ ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. എന്നാൽ ആളുകൾ കൊടിയ തണുപ്പുള്ള ആ രാത്രിയിൽ വെളിയിൽ നിന്ന് വചനം കേൾക്കുവാൻ തയ്യാറായി. ആയിരത്തോളം മാനസാന്തരപ്പെട്ട് യഥാർത്ഥമായി അനുഗ്രഹിക്കപ്പെട്ടു.

അവൻ നിന്റെ വഴികളെ നിയന്ത്രിക്കുന്നു

ദൈവം ഞങ്ങളുടെ യാത്രയെ അത്ഭുതകരമായ വഴിയിൽ നടത്തി. മുക്ഡൻ-ൽ നിന്നും മഞ്ചൂറിയായിലേയ്ക്ക് നേരിട്ടുള്ള അവസാന ട്രെയിനിൽ ഞങ്ങൾ പുറപ്പെട്ടു. അന്നു രാത്രി അധികാരം ജപ്പാൻ പിടിച്ചെടുത്തു കാര്യങ്ങൾ അവരുടെ നിയന്ത്രണത്തിലായി. സൈബിരിയായിലുള്ള ഒരു ചെറിയ സഭയിലേക്ക് ഞങ്ങൾ ക്ഷണിക്കപ്പെട്ടു. അത്

(ശേഷം 7-ാംപേജിൽ)

(6-ാം പേജിന്റെ തുടർച്ച)

ഒരു മൂന്നു ദിവസത്തെ യാത്രയായിരുന്നു., വളരെ ചെലവുള്ള യാത്ര, ഇപ്പോൾ ഞങ്ങൾ അഞ്ചു പേരുണ്ടായിരുന്നു. ഞങ്ങളുടെ ശക്തി വിഭജിക്കേണ്ടതുണ്ടായിരുന്നുവോ? ഞ ങ്ങൾ ഒരുമിച്ചായിരിക്കുമ്പോൾ തന്നെ തീരുമാനിച്ചു. പെട്ടെന്നുള്ള രാഷ്ട്രീയമാറ്റം, ഇതൊരു ദൈവിക പദ്ധതിയാണെന്നും ദൈവത്തിന്റെ ജ്ഞാനം ഞങ്ങളെ നടത്തുന്നു എ ന്നും പ്രശ് നങ്ങളിൽ ഞങ്ങളെ കാത്തു സൂക്ഷിക്കുന്നു എന്നും ഞങ്ങൾ ഗ്രഹിച്ചു.

വഴിയിൽ ഞങ്ങൾ ട്രെയിൻ കാത്തു നില്ക്കുമ്പോൾ, ആ അപരിചിതമായ പട്ടണത്തിൽ ഞാൻ ഒരു മിഷ്യനറിയെ കണ്ടുമുട്ടി. എനിക്ക് അദ്ദേഹത്തെ മുൻ പരിചയമില്ലായിരുന്നു, യാതൊരു ഇടപാടുമില്ലായിരുന്നു. എന്നാൽ പരിശുദ്ധാത്മാവ് എന്നോട് അദ്ദേഹത്തെ പരിചയപ്പെടുവാനും വന്ദനം ചെയ്യുവാനും എന്റെ പദ്ധതികളെ അദ്ദേഹത്തിന് പരിചയപ്പെടുത്തുവാനും ഇടപെട്ടു. ഞങ്ങളിൽ മൂന്നുപേർ റെയിൽവേ സ്റ്റേഷനിൽ ഇരുന്നിട്ട് ഞങ്ങൾ രണ്ടുപേർ അദ്ദേഹത്തെ കാണുവാനായി പോയി. ആ മിഷ്യനറി സന്തോഷത്തോടെ ഞങ്ങളെ കൈകൊണ്ടു, ഞങ്ങളോ ടൊപ്പം റെയിൽവേ സ്റ്റേഷനിലേയ്ക്ക് വന്നു. ഞങ്ങൾ മടങ്ങിയെത്തുമ്പോൾ കണ്ടത് ഒരാളെ പോലീസ് പിടിച്ചുവച്ചിരിക്കുന്നു, മറ്റുള്ളവരെ ഒരു വലിയ കൂട്ടം പോലീസ് തടഞ്ഞു വച്ചിരിക്കുന്നു.

ഈ പ്രശ്നമുള്ള ഈ ചെറുപ്പക്കാർക്ക് പുറകിൽ ശമ്പളം കൊടുക്കുവാനോ ഉത്തരവാദിത്വം വഹിക്കുവാനോ ആരുമില്ലാതെ ഇവർ എങ്ങനെ ഇവിടെ വന്ന് സുവിശേഷം പ്രസംഗിക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഞങ്ങൾ അവരെക്കുറിച്ചുള്ള വിവരങ്ങൾഡ കൊടുക്കുന്നതുവരം അവരെ സ്വതന്ത്രരാക്കുവാൻ അവർ തയ്യാറായില്ല. എന്നാൽ ദൈവത്തിന്റെ കരുതൽ എത്ര ശ്രേഷ്ഠമായിരുന്നു. ഞങ്ങളുടെ പുതിയ മിഷ്യനറി സഹോദരൻ ഞങ്ങളെ കൂട്ടി പോലീസ് ആ സ്ഥാനത്തേയ്ക്കു പോയി. ഞങ്ങളെക്കുറിച്ചുള്ള നല്ല റിപ്പോർട്ട് കൊടുത്തു. “ എൻമനമേ യഹോവയെ വാഴ്ത്തുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുത് ”(സങ്കീ. 103:2).

ഉപദ്രവങ്ങളിൽ നിന്നും സൂക്ഷിച്ചു.

ഞങ്ങൾ വടക്കൻ പ്രവശ്യകളിലായിരുന്നപ്പോൾ പുറമേയുള്ള ബന്ധനങ്ങളെല്ലാം വിച്ഛേദിക്കപ്പെട്ടു. അടുത്ത മൂന്നു മാസത്തേയ്ക്ക് വഴികളെല്ലാം അടഞ്ഞു. ചെറിയ ചില സ്ഥലങ്ങളിൽ പ്രവർത്തനം ഒതുങ്ങി. അപകടങ്ങളിൽ നിന്നും ദൈവം ഞങ്ങളെ സൂക്ഷിച്ച വഴികളായിരുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കി. ഒരു ദിവസം നാലു യോഗങ്ങൾ വരെ ഞങ്ങൾ നടത്തിയിരുന്നു. ഒരു പട്ടണത്തിൽ ഒരു യോഗം നടക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി അവിടെ നടന്നു. മുമ്പൊരിക്കലും ഞങ്ങൾ പ്രസംഗിച്ചപ്പോൾ നടന്നതിലുപരി ആളുകൾ മുട്ടിന്മേൽ നിന്ന് പാപങ്ങളെ ഏറ്റു പറഞ്ഞ് കരയുവാൻ തുടങ്ങി. ദൈവശക്തി അവരുടെമേൽ ഇറങ്ങിയപ്പോൾ അവർക്ക് ചെറുത്തു നിൽക്കുവാൻ കഴിഞ്ഞില്ല.

ഒടുവിൽ തെക്കോട്ട് സഞ്ചരിക്കുവാൻ ഞങ്ങൾക്ക് വഴി തുറന്നു. എന്നാൽ ഞങ്ങളെ വിളിച്ച ആളുകളോട് ആശയ വിനിമയം നടത്തുവാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. എന്നാൽ ഞങ്ങൾ വിശ്വാസത്താൽ പോയി. ഞങ്ങൾ അവരുടെ വാതിലിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അവർക്കത് വിശ്വസിപ്പാൻ കഴിഞ്ഞില്ല. എല്ലായിടത്തും പട്ടാളക്കാരും സുരക്ഷാ ഉദ്യോഗസ്ഥന്മാരുമായതിനാൽ ചൈനക്കാർക്ക് പട്ടണത്തിനകത്തു വരുവാനോ പുറത്തുപോകാനോ കഴിഞ്ഞില്ല. എന്നാൽ ഞങ്ങൾ തടയപ്പെടുകയോ ചെയ്തില്ല. അതെ, സമയോചിതമായി പ്രവർത്തിക്കുന്ന ദൈവം. ആ ദിവസം ചില അധികാരികൾ അവിടെ വരുന്നുണ്ടെന്നറിഞ്ഞിരുന്നതിനാൽ പട്ടാളക്കാർ ഒരു സമാധാന അന്തരീക്ഷം അന്ന് ഒരുക്കയായിരുന്നു എന്ന കാര്യം ഞങ്ങളറിഞ്ഞില്ല.

ഞങ്ങളുടെ മടക്ക യാത്രയിൽ ഞങ്ങൾ മുക് ഡൻ എന്ന സ്ഥലത്ത് തങ്ങി, അവിടെയുള്ള പുതിയ വിശ്വാസികൾ സത്യത്തിനു വേണ്ടി നില്ക്കുന്നു എന്ന് കണ്ട് ഹൃദയാംഗമായി സന്തോഷിപ്പാൻ കഴിഞ്ഞു. അവിടെയുണ്ടായിരുന്ന മിഷ്യനറിമാർ ഞങ്ങളെ അംഗീകരിച്ചിരുന്നില്ല. പുതിയ വിശ്വാസികൾ നിലനിൽക്കും എന്ന് അവർ കരുതിയില്ല. എന്നാൽ പ്രശ്നങ്ങൾ വന്നപ്പോൾ പട്ടണം ഭീകരന്മാരെ കൊണ്ട് നിറഞ്ഞിരുന്നു. ഈ പുതിയ വിശ്വാസികൾ ശാന്തമായി ഉറച്ചു നിന്നു. ദൈവത്തിൽ ആശ്രയിച്ചു. പരീക്ഷകൾ നേരിട്ടു. എന്നാൽ ദൈവം അവരെ താങ്ങി. പലർക്കും എല്ലാം നഷ്ടപ്പെട്ടു. അനേകർ കൊല്ലപ്പെട്ടു. എന്നാൽ പുതിയ വിശ്വാസികൾ തന്റെ ചിറകിൻ കീഴിൽ സൂക്ഷിക്കപ്പെട്ടു.

ഞങ്ങൾക്കു മുന്നിലുള്ള അവസരങ്ങളും വിളികളും പരിഗണിക്കുവാൻ പൂർണ്ണമായി ഞങ്ങൾക്ക് കഴിഞ്ഞില്ല. പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയെ അനുഭവിച്ചറിഞ്ഞവർ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് എന്നവണ്ണം സുവിശേഷം എത്തിക്കുവാനിടയായി. വിദ്യാർത്ഥികളും മാനസാന്തരപ്പെട്ട് ദൈവനിയോഗം പ്രാപിച്ച് തീരുമാനിച്ച് പട്ടണങ്ങളിലും ഗ്രാമങ്ങളിലും സുവിശേഷം എത്തിച്ചു. ബഥേൽ മിഷനിലേക്ക് ധാരാളം വിളികൾ വന്നു, അടുത്തുനിന്നും അകലെ നിന്നും വിളികൾ വന്നു. മറ്റനേകം ഗ്രൂപ്പുകളും ഒരുക്കപ്പെട്ടു. സുവിശേഷം അറിയിച്ചു.

ഒരു മിഷ്യനറി അവരുടെ സിറ്റിയിൽ മീറ്റിംഗുകൾ നടത്തിയത് ഇപ്രകാരമായിരുന്നു. എന്ത് അത്ഭുതമാണ് ദൈവം ഞങ്ങൾക്കു വേണ്ടി ചെയ്തത്! ഞങ്ങൾ കണ്ട അത്ഭുതങ്ങളെ സംബന്ധിച്ച് ഇപ്പോഴും ഞങ്ങൾ അത്ഭുതപ്പെടുകയാണ്. ദീർഘവർഷങ്ങൾ ഉണർവിനു വേണ്ടി ഞങ്ങൾ പ്രാർത്ഥിച്ചു. ഇപ്പോൾ ഞങ്ങൾ അത് കാണുന്നു, പരിശുദ്ധാത്മാവ് പകരപ്പെട്ടു. എവിടെയുമുള്ള വിശ്വാസികൾ ആത്മാവിൽ നടത്തപ്പെട്ടു. വർണ്ണിക്കാൻ കഴിയാത്ത അനുഗ്രഹങ്ങളാൽ ഞങ്ങളെ നിറച്ചു, ഞങ്ങൾ സന്തോഷിച്ചു. ജീവജലത്തിന്റെ അരുവികൾ ദിനതോറും ഒഴുകുന്നു, ദിനംതോറും ഞങ്ങൾ അത് കാണുകയും കേൾക്കുകയും സന്തോഷിക്കയും ചെയ്യുന്നു. ഇങ്ങനെ ഒരിക്കലും ഞങ്ങൾ കണ്ടിട്ടില്ല. ഞങ്ങൾ അളവുകൂടാതെ വിളിച്ചു പറയുന്നു, ദൈവത്തിന് മഹത്വം.

❖

(5-ാം പേജിന്റെ തുടർച്ച)

പ്രത്യാശയ്ക്കുള്ള കാരണങ്ങൾ

ളേയും ശിഷ്യരാക്കുക. ദൈവസ്നേഹം എല്ലാവർക്കും വേണ്ടിയുള്ളതാണ്. ദൈവം യിസ്രായേലിനും അവരുടെ അയൽക്കാർക്കും പ്രത്യേകമായ പദവികളും ചുമതലകളും കൊടുത്തിട്ടുണ്ട്. എന്നാൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് അവരെ എല്ലാവരെയും

(ശേഷം 8-ാം പേജിൽ)

(കഴിഞ്ഞ ലക്കം തുടർച്ച)

സ്വർഗ്ഗത്തിൽ നിന്നുള്ള അഗ്നി

ക്രൂശിലെ വേദനയോ കഷ്ടതയോ ഇല്ലാതെ പുനരുത്ഥാനത്തിന്റെ ശക്തിയിലേക്ക് പ്രവേശിക്കണം എന്നാണ് നാം ചിന്തിക്കുന്നത്. നമ്മുടെ പദ്ധതികളും പരിപാടികളും സ്ഥാപനങ്ങളും കേടുപറ്റാതിരിക്കണം എന്നു നാം ആഗ്രഹിക്കുന്നു.

ഉണർവ്വ് എന്നത്, തരിശു നിലം ഉഴുന്ന ഒരു പ്രക്രിയ ആണ്. കഠിനമായ കൃഷിയില്ലാത്ത നമ്മുടെ ഹൃദയത്തിന്റെ നിലത്തെ ഉഴുതമറിച്ച് വിത്തു വിതെച്ച് ഒടുവിൽ കൊയ്തെടുക്കുന്ന പ്രക്രിയയാണ് ഉണർവ്വ്. ഉഴവ് വേദനാജനകമാണ്, പക്ഷേ അത് ഒഴിവാക്കാൻ കഴിയില്ല, മാത്രമല്ല അതിന് സമയവും വേണം.

അതെ, സമയം എന്നത്, വിലയുടെ കാര്യത്തിൽ ഒഴിവാക്കാൻ കഴിയാത്ത ഒരു വസ്തുതയാണ്. ആഴ്ചാവസാനത്തെ ചെറിയ ഉണർവ്വുകൾ നമുക്ക് ഉൾക്കൊള്ളുവാൻ ബുദ്ധിമുട്ടില്ല എന്നാൽ അത് യഥാർത്ഥമായ ഒരു ഉണർവ്വ് സഭയിൽ കൊണ്ടു വരണമെന്നില്ല.

ഏലിയാവ് മൂന്നര വർഷക്കാലം ദൈവം അയയ്ക്കുന്ന തീയ്ക്കുവേണ്ടി തന്നെത്താൻ വിശുദ്ധീകരിക്കയും ഒരുങ്ങുകയും ചെയ്യേണ്ടതുണ്ടായിരുന്നു. അതേ സമയം യിസ്രായേൽ ജനവും തങ്ങൾക്കു വരാൻ പോകുന്ന വിടുതലിന്റെ തീയുടെ അനുഭവം കാണാൻ കഷ്ടതയിലൂടെ കടന്നു പോകണമായിരുന്നു.

നാമും ദൈവത്തെ ശ്രദ്ധിക്കുന്ന കാര്യത്തിൽ വളരെ തിരുക്കുള്ളവരാണ്. " ദൈവം തന്നെ കാത്തിരിക്കുന്നവനുവേണ്ടി പ്രവർത്തിക്കുന്നു (യെശ. 64:4). എന്നാൽ നമ്മുടെ പ്രവൃത്തി മണ്ഡലത്തിൽ ദൈവത്തിന്റെ തീ ഇറങ്ങേണ്ടതിന് നാം ദൈവത്തെ അന്വേഷിക്കുന്നു. അവിടുന്ന് നല്ല ദൈവമാണ്.

നമ്മുടെ സമയപ്പട്ടികയും പ്ലാനും പദ്ധതികളും ഒന്നും ദൈവത്തിന് പ്രസാദമായെന്ന് വരികയില്ല. കാരണം അവിടുന്ന് ദൈവമാണ്. തനിക്ക് ഇഷ്ടം പോലെ ചെയ്യുവാൻ ദൈവത്തിന് സ്വാതന്ത്ര്യമുണ്ട്.

ദൈവം തീ അയയ്ക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നാം അതിനെ ആഗ്രഹിക്കണം, നമുക്കത് ആവശ്യമെങ്കിൽ നമ്മുടെ പാരമ്പര്യങ്ങളും, രീതികളും കാര്യപരിപാടികളും ഇല്ലാതാകണം, ദൈവത്തിന്റെ പ്രവൃത്തിക്ക് ഇടം കൊടുക്കണം. എന്നാൽ നമ്മിൽ പലരും അങ്ങനെ ചെയ്യാതെ അവർ തന്നെ ദൈവങ്ങളായി മാറുകയാണ് ചെയ്യുന്നത്. മറ്റെല്ലാറ്റെക്കാളും ദൈവത്തിന്റെ ഇഷ്ടത്തിന് വിലകൊടുത്ത് ദൈവത്തിന്റെ പ്രവൃത്തിക്ക് ഇടം കൊടുക്കുമ്പോൾ ദൈവത്തിന്റെ തീ ഇറങ്ങും.

നിശ്ചയമായും, യാഗപീഠവും യാഗവും ഒരുക്കപ്പെടുന്നതുവരെ തീയിറങ്ങുകയില്ല. യിസ്രായേൽ മക്കൾ യാഗപീഠത്തിൽ വെള്ളം ഒഴിച്ചു. ദൈവം വെള്ളം ആവശ്യപ്പെട്ടില്ല. എന്നാൽ ദൈവം അത് അംഗീകരിച്ചു.

നിങ്ങളുടെ ഏതു യാഗം ദൈവം അംഗീകരിക്കുന്നു എന്ന് ഞാൻ അറിയുന്നില്ല. ഒരു പക്ഷേ നിങ്ങളുടെ സമർപ്പണമാണ് ദൈവം ചോദിക്കുന്നത്. ആളുകളുടെ വിമർശനവും തെറ്റായ ചിന്താഗതികളും തിരസ്കാരവുമൊക്കെ സഹിക്കേണ്ടി വന്നേയ്ക്കാം.

നിങ്ങളുടെ ജോലി ഉപേക്ഷിക്കുവാൻ ആവശ്യപ്പെട്ടേയ്ക്കാം. നിങ്ങളുടെ ജീവിതത്തിന്റെ സമ്പാദ്യമോ സാമ്പത്തികമോ ദൈവത്തിന്റെ യാഗപീഠത്തിൽ വയ്ക്കുവാൻ ആവശ്യപ്പെട്ടേയ്ക്കാം.

നിങ്ങളുടെ ജീവിതത്തെയും മുഴുവനായി ആവശ്യപ്പെട്ടേയ്ക്കാം. നാം യാഗപീഠത്തിൽ ആയിരിക്കുമ്പോൾ, അപ്പോൾ മാത്രമേ സ്വർഗ്ഗത്തിൽ നിന്നും തീ അയയ്ക്കുകയും തന്റെ ശക്തിയും മഹത്വവും വെളിപ്പെടുത്തുകയുള്ളൂ.

നിങ്ങളുടെ രാജ്യത്ത്, സഭയിൽ, നിങ്ങളുടെ ജീവിതത്തിൽ അപ്രകാരം തീ ഇറങ്ങുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എത്രമോശമായിട്ടാണ് നിങ്ങൾ ദൈവത്തിന്റെ മഹത്വം ഇറങ്ങുവാനായി കാത്തിരിക്കുന്നത്. എന്ത് വിലയാണ് അതിനായി കൊടുക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നത്. നിങ്ങളുടെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ടതിനെ ദൈവത്തിനു യാഗമായി അർപ്പിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എങ്കീൽ എന്നോടു ചേർന്നു ഏലിയാവിന്റെ ദൈവത്തോടു പ്രാർത്ഥിക്കൂ, തീയുടെ ദൈവം.

ഉണർവ്വ് അയയ്ക്കേണമേ-
നിന്റെ സ്നേഹത്താൽ ഞങ്ങളെ നിറയ്ക്കണമേ;
ഓരോ ദേഹിയും ജ്വലിച്ചു കത്തട്ടേ
ഉയരത്തിലെ തീയാൽ
ഹല്ലേലൂയ്യാ, മഹത്വം അങ്ങേയ്ക്ക്;
ഹല്ലേലൂയാ ആമേൻ!
ഹല്ലേലൂയാ മഹത്വം അങ്ങേയ്ക്ക്!
വീണ്ടും ഞങ്ങളെ ഉണർത്തേണമേ

(7-ാം പേജിന്റെ തുടർച്ച)

പ്രത്യാശയ്ക്കുള്ള കാരണങ്ങൾ

സ്നേഹിക്കുവാനാണ്. അങ്ങനെ യിസ്രായേലിനെ സ്നേഹിക്കുന്നവൻ പാലസ്റ്റീനിയൻ ജനത്തേയും ആഴമായി സ്നേഹിക്കയും അവർക്കായി കരുതുകയും വേണം. പ്രായോഗികമായി സഹായിക്കുകയും ധൈര്യപ്പെടുത്തുകയും വേണം. ക്രിസ്തുവിനെ അറിയുവാനും ആരാധിപ്പാനും ആഗ്രഹിക്കുന്നവരെ അതിലേയ്ക്ക് നടത്തണം. സകലജനത്തേയും ഒരുപോലെ സ്നേഹിക്കയും കഴിയുന്ന വിധത്തിൽ സഹായിക്കയും ധൈര്യപ്പെടുത്തുകയും വേണം. നീതിക്കും കരുണയ്ക്കും വേണ്ടി നിലകൊള്ളണം. യേശുവിനെ അറിയുവാനും സ്നേഹിപ്പാനും ആഗ്രഹിക്കുന്നവരെ അതിനായി സഹായിക്കണം. അങ്ങനെയാണ് നാം ക്രിസ്തുവിന്റെ ശിഷ്യന്മാർ എന്ന് മറ്റുള്ളവർ അറിയുന്നത്.

ലോകത്തിലെ ഓരോ പാസ്റ്ററന്മാരും ദൈവശാസ്ത്രജ്ഞരും സാധാരണ വേലക്കാരും ഇത് അറിയണമെന്നില്ല. എന്നാൽ നാം അവരെ അറിയണം സാദ്ധ്യമായതെല്ലാം അവർക്കുവേണ്ടി ചെയ്യണം. നിശ്ചയമായും നാം കർത്താവ് തന്റെ ജനത്തെ രക്ഷിക്കുന്നു എന്നും തന്റെ രാജ്യം സ്ഥാപിപ്പാൻ വരുന്നു എന്ന് അറിഞ്ഞും പ്രത്യാശയുള്ളവരായി അവിടുത്തെ വേല ചെയ്യണം. അതാണ് യിസ്രായേലിന്റെ പ്രത്യാശ, അതു വേഗത്തിൽ സംഭവിക്കും. ദൈവത്തിന്റെ വചനം പരിശുദ്ധാത്മാവിന്റെ ശക്തിയോടും അധികാരത്തോടും പ്രസംഗിക്കണം. ഭയവും ലജ്ജയും കൂടാതെ സുവിശേഷം പ്രസംഗിക്കണം. സ്നേഹവും ദയയും ഉള്ളവരായി ജീവിക്കണം. ക്ഷമയോടും താഴ്മയോടും അങ്ങനെ ചെയ്യണം. കണ്ണീരിൽ വിതെച്ചാൽ ആർപ്പോടെ കൊയ്യും". റോമർ 11:26-ൽ കാണുന്നത് എല്ലാ യിസ്രായേലും ഒരു ദിവസം രക്ഷ പ്രാപിക്കും. നമ്മുടെ പ്രവൃത്തിയിൽ നാം വിശ്വസ്തരായിരിക്കണം, " നന്ന് നല്ലവനും വിശ്വസ്തനുമായ ദാസനേ " എന്ന് വിളിക്കപ്പെടണം. അല്പത്തിൽ വിശ്വസ്തനായിരിക്കുന്നവനെ അധികത്തിന് വിചാരകനാക്കും. അവൻ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കും.

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975